അദ്ധ്യായം 110

## അന്നസ്വ്ർ (സഹായം)

അവതരണം മദീനയിൽ, വചനങ്ങൾ 3

---

### അദ്ധ്യായ പരിചയം:

പ്രവാചകൻ മുഹമ്മദി(സ)ന് അവസാനം അവതരിച്ച പൂർണ്ണ അദ്ധ്യായമാണിത്. അദ്ദേഹത്തിൻെറ അവസാന കാലത്തെന്നു സാരം. ഖുർആനിൻെറ നാലിൽ ഒന്നിന് തുല്യമാണ് ഈ അദ്ധ്യായം. ഇബനു അബ്ബാസ് തൻെറ കൂട്ടുകാരൻ ഇബ്നു ഉത്ബയോട് ചോദിച്ചു: ഖുർആനിൽ അവസാനം അവതീർണമായ അദ്ധ്യായം ഏതാണെന്ന് താങ്കൾക്കറിയുമോ? ഞാൻ പറഞ്ഞു: അതെ. സൂറത്തുന്നസ്വ്ർ ആണത്."

നബിയുടെ മറ്റൊരു അനുചരനായ ഇബ്നു ഉമർ പറഞ്ഞു: അയ്യാമുത്തശ്രീഖിനിടയിലാണ് (ഹജജ് ദിനങ്ങൾ) ഈ അദ്ധ്യായം അവതരിച്ചത്. അതോടെ പ്രവാചകൻ അത് തൻെറ അവസാനത്തെ ഹജ്ജായിരിക്കുമെന്ന് മനസ്സിലാക്കുകയും തൻെറ ഖസ്വാ എന്ന ഒട്ടകപ്പുറത്ത് കയറി പ്രസിദ്ധ വിടവാങ്ങൽ പ്രസംഗം നിർവഹിക്കുകയും ചെയ്തു."

നബിയുടെ അനുചരനായ ഇബ്നു അബ്ബാസ് റിപ്പോർട്ട് ചെയ്യുന്നു: അന്നസ്വ്ർ അദ്ധ്യായം അവതരിച്ചപ്പോൾ പ്രവാചകൻ(സ) മകൾ ഫാത്വിമ(റ)യെ വിളിച്ചു. അദ്ദേഹം പറഞ്ഞു: എനിക്ക് എൻെറ വിയോഗവാർത്ത ലഭിച്ചിരിക്കുന്നു." അതുകേട്ട് ഫാത്വിമ കരഞ്ഞു. പിന്നീട് ചിരിക്കുകയും ചെയ്തു. അതെ സംബന്ധിച്ച് അവർ പറഞ്ഞു: അദ്ദേഹത്തിൻെറ വിയോഗ വാർത്തയറിഞ്ഞാണ് ഞാൻ കരഞ്ഞത്. എന്നാൽ എൻെറ കുടുംബത്തിൽ ആദ്യം എന്നോട് ചേരുന്നത് നീയായിരിക്കും എന്നു കേട്ടപ്പോഴാണ് ഞാൻ ചിരിച്ചത്." (നസാഈ).

ഈ അദ്ധ്യായം അവതരിച്ച് ഏതാനും മാസത്തിനകം അദ്ദേഹം മരണമടയുകയുണ്ടായി. അല്ലാഹു അദ്ദേഹത്തോട് പറയുന്നു: അറേബ്യയിൽ ദൈവികവ്യവസ്ഥയുടെ വിജയം പൂർണമാവുകയും ജനങ്ങൾ കൂട്ടംകൂട്ടമായി ഈ മാർഗത്തിലേക്ക് പ്രവേശിക്കുകയും ചെയ്യുന്നതായി താങ്കൾ കണ്ടാൽ മനസ്സിലാക്കുക: "താങ്കളെ ഏതൊരു ദൗത്യത്തിനാണോ നിയോഗിച്ചത് അത് പൂർത്തിയായിരിക്കുന്നു. അതിനാൽ ബാക്കിയുള്ള സമയം യജമാനനെ കൂടുതൽ പ്രകീർത്തിക്കുക. അവൻെറ പരിശുദ്ധിയെ വാഴ്ത്തുക. താങ്കളുടെ ഉത്തരവാദിത്തം നിറവേറ്റുന്നതിൽ വല്ല തകരാറുകളും വന്നുപോയിട്ടുണ്ടെങ്കിൽ അവനോട് മാപ്പിനപേക്ഷിക്കുകയും ചെയ്യുക."

പ്രവാചക പത്നി ആയിശ(റ) പറയുന്നു: "ഈ അദ്ധ്യായം അവതരിച്ചതിന് ശേഷം പ്രവാചകൻ(സ) ധാരാളമായി സുബ്ഹാനകല്ലാഹുമ്മ വബിഹംദിക അസ്തഗ്ഫിറുക വഅതൂബു ഇലൈക് എന്ന് ധാരാളം പറയാറുണ്ടായിരുന്നു." അദ്ദേഹത്തിൻെറ ഓരോ ചലനത്തിലും അത് ധാരാളമായി ചൊല്ലാറുണ്ടായിരുന്നുവെന്ന് ഇബ്നു ജരീർ റിപ്പോർട്ട് ചെയ്യുന്നു.

ഈ അദ്ധ്യായം അവതരിച്ചതിനു ശേഷം പ്രവാചകൻ(സ) പരലോകയാത്രക്കുള്ള നിദാന്ത പരിശ്രമത്തിലായിരുന്നു.

### അർഥം:

പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിൻെറ

ഇദാ ജാഅ — إِذَا جَاءَ

വന്നാൽ

---

നസ്വ്റുല്ലാഹി — نَصْرُ اللَّهِ

അല്ലാഹുവിൻെറ സഹായം

---

വൽ ഫത്ഹ് — وَالْفَتْحُ

വിജയവും

---

| | |
|---|---|
| വറഅയ്ത്ത | وَرَأَيْتَ |
| നീ കാണുകയും ചെയ്താൽ | |
| അന്നാസ | النَّاسَ |
| ജനങ്ങളെ | |
| യദ്ഖുലൂന | يَدْخُلُونَ |
| അവർ പ്രവേശിക്കുന്നു | |
| ഫീ ദീനില്ലാഹി | فِي دِينِ اللَّهِ |
| അല്ലാഹുവിൻെറ ദീനിലേക്ക് | |
| അഫ്വാജൻ | أَفْوَاجًا |
| കൂട്ടം കൂട്ടമായി | |
| ഫസബ്ബിഹ് | فَسَبِّحْ |
| അപ്പോൾ നീ പ്രകീർത്തിക്കുക | |
| ബിഹംദി | بِحَمْدِ |
| പരിശുദ്ധിയെ | |
| റബ്ബിക | رَبِّكَ |
| നിൻെറ നാഥൻെറ | |
| വസ്തഗ്ഫിർഹു | وَاسْتَغْفِرْهُ |
| അവനോട് പാപമോചനം തേടുകയും ചെയ്യുക. | |
| ഇന്നഹു കാന | إِنَّهُ كَانَ |
| നിശ്ചയം അവൻ | |
| തവ്വാബാ | تَوَّابًا |
| പശ്ചാത്താപം സ്വീകരിക്കുന്നവനാകുന്നു. | |

**വിശദീകരണം:**

إِذَا جَآءَ نَصْرُ اللَّهِ وَالْفَتْحُ ഇതാ ജാഅ നസ്വ്റുല്ലാഹി വൽഫത്ഹ്

അല്ലാഹുവിൻെറ വിജയവും സഹായവും വന്നാൽ

നസ്വ്ർ എന്ന പദത്തിൻെറ അർഥമാണ് സഹായം. ഫത്ഹ് എന്നാൽ വിജയം.

പ്രവാചകനോടുള്ള പൊതു നിർദ്ദേശമാണ് ഈ അധ്യായം എന്ന് ആമുഖത്തിൽ സൂചിപ്പിക്കുകയുണ്ടായി. ലോകത്ത് ആഗതരായ പ്രവാചകന്മാരെല്ലാം വിജയശ്രീലാളിതരായ അവസ്ഥയിലല്ല തങ്ങളുടെ ദൗത്യം നിർവഹിച്ചത്. ഒട്ടേറെ പ്രയാസങ്ങൾ അവർ അതിനു വേണ്ടി അനുഭവിച്ചിട്ടുണ്ട്. വധിക്കപ്പെട്ടവർ പോലും അവരുടെ കൂട്ടത്തിലുണ്ട്.

ഇവിടെ സൂചിപ്പിച്ച വിജയം ഏതെങ്കിലും യുദ്ധത്തിലോ സംഘട്ടനത്തിലോ ഉണ്ടായേക്കാവുന്ന വിജയമല്ല. അക്കാര്യത്തിൽ ദൈവത്തിൻെറ ഭാഗത്തുനിന്നും ഉണ്ടാകുന്ന സഹായവുമല്ല. പ്രവാചകജീവിതത്തിൻെറ പരിസമാപ്തിയെയും അതിനു മുന്നോടിയായി ദൈവികാദർശത്തിന് കൈവരാനിരിക്കുന്ന നേട്ടത്തെയുമാണ് ഒരു ഭാഗത്ത് സൂചിപ്പിക്കുന്നത്. മറുഭാ

ഗത്ത് തത്സംബന്ധമായി പ്രവാചകൻ ചെയ്യേണ്ട ബാധ്യതകളെ ഓർമപ്പെടുത്തുകയുമാണ് ചെയ്യുന്നത്.

വിജയത്തെ സംബന്ധിച്ച സന്തോഷവാർത്ത രണ്ട് തരത്തിലാണ് പ്രവാചകന്മാർക്ക് നല്കുന്നത്. ഒന്ന്, ഏതെങ്കിലും ഒരു വിഷയത്തെ വ്യക്തമായി സൂചിപ്പിച്ചുകൊണ്ടുള്ളത്. രണ്ട്, തത്സംബന്ധമായി വ്യംഗ്യമായ സൂചന നല്കിക്കൊണ്ട്. ഇവിടെ പ്രവാചകന് നല്കിയ സന്തോഷവാർത്ത വളരെ വ്യക്തമാണ്. അതായത്, ഈ ആദർശം സമീപ കാലത്തു തന്നെ അറേബ്യയിൽ വ്യാപിക്കുമെന്നും എതിരില്ലാത്ത വിധം അത് ജനമനസ്സുകളിൽ സ്വാധീനം ചെലുത്തുകയും അവർ അതിലേക്ക് ഏറെ ആകർഷിക്കപ്പെടുകയും ചെയ്യുമെന്നാണ്.

അത് ദൈവം ലോകത്തിനായി സംവിധാനിച്ച ദൈവികദർശനമായതിനാൽ അവന്റെ നടപടിക്രമമാണ് അതിന്റെ വിജയം ഉറപ്പിക്കുകയെന്നത്. അതിൽ മനുഷ്യന്റെ താല്പര്യങ്ങൾക്ക് അല്പം പോലും സ്ഥാനമില്ല. അവൻ അരുളി:

*“അവനാകുന്നു (ഏകദൈവം) സത്യദർശനവുമായി തന്റെ ദൂതനെ (മുഹമ്മദ്നബിയെ) അയച്ചത്. മറ്റുള്ള വ്യവസ്ഥകളെക്കാൾ അവന്റെ വ്യവസ്ഥയെ വിജയിപ്പിക്കുന്നതിനു വേണ്ടി. ബഹുദൈവവിശ്വാസികൾ എത്ര തന്നെ വെറുത്താലും ശരി.”* ( അസ്സ്വഫ്)

ദൈവികസഹായവും വിജയവും ചില നിബന്ധനകളെ ആസ്പദിച്ചാണിരിക്കുന്നത്. അവയിൽ പ്രധാനം കറകളഞ്ഞ വിശ്വാസവും ത്യാഗവും സഹനവും പ്രതിഫലകാംക്ഷയുമാണ്. അവയില്ലാതെ ഒരിക്കലും വിജയവും സഹായവും ലഭിക്കുകയില്ല. പ്രവാചകന്മാരുടെ ജീവിതത്തിൽ അതിന് ഒട്ടേറെ അനുഭവപാഠങ്ങൾ നമുക്ക് കാണാൻ കഴിയും.

എന്നാൽ ഒരു ആദർശത്തിന് വേണ്ടി അതിന്റെ ആദ്യഘട്ടത്തിൽ ഉണ്ടായിരുന്ന ആളുകൾ അനുഭവിച്ച ത്യാഗവും അർപ്പണവും പിൽക്കാലത്തുള്ളവർ അതിനു വേണ്ടി അനുഭവിക്കുന്ന ത്യാഗവും അർപ്പണവും തമ്മിൽ വ്യത്യാസമുണ്ട്. ആദ്യഘട്ടം ആ ആദർശത്തെ സംബന്ധിച്ചിടത്തോളം ശൈശവഘട്ടവും പ്രാരാബ്ധങ്ങൾ നിറഞ്ഞതും അതിനാൽ അതിന്റെ ആളുകൾ ഏറെ ത്യാഗം അനുഭവിക്കേണ്ടിവരികയും ചെയ്യുന്ന ഘട്ടമാണ്. പിന്നീടുള്ള ഘട്ടം വ്യത്യസ്തമാണ്. അപ്പോഴേക്കും ആദർശം അതിന്റെ ശൈശവദശ പിന്നിട്ട് ഏറെക്കുറെ ജനങ്ങളിൽ വേരോടിയിട്ടുണ്ടാകും. ആദ്യഘട്ടത്തിൽ ത്യാഗമനുഭവിക്കുന്നവർക്കാണ് കൂടുതൽ പ്രതിഫലം ലഭിക്കുക. ഇത് ഖുർആന്റെ തന്നെ പ്രഖ്യാപനമാണ്.

ഏതൊരു ആദർശവും നിലനില്ക്കുന്നതും വളരുന്നതും അതിനുവേണ്ടി പ്രവർത്തിക്കുകയു ത്യാഗം അനുഭവിക്കുകയും ക്ഷമിക്കുകയും ചെയ്യുന്ന ആളുകൾ ഉണ്ടാകുമ്പോഴാണ്. ഏത് പ്രസ്ഥാനത്തെ പരിശോധിച്ചാലും ആദ്യകാലത്തെ ആളുകൾ ഒട്ടേറെ പ്രയാസങ്ങൾ അനുഭവിച്ചവരാണെന്ന് കാണാൻ കഴിയും.

ഈ വചനത്തിൽ നസ്വ്ർ (സഹായം), ഫത്ഹ് (വിജയം) എന്നിവ അടുത്തടുത്താണ് പരാമർശിക്കപ്പെട്ടത്. യുക്തിപൂർവകമായ ഒരു സമീപനമാണത്. നേരത്തെ സൂചിപ്പിച്ചതുപോലെ വിജയം ദൈവികസഹായത്തെ ആശ്രയിച്ചുനില്ക്കുന്നു. സഹായം ദൈവികമാർഗത്തിൽ നാം അർപ്പിക്കുന്ന ത്യാഗത്തെ ആശ്രയിച്ചും നില്ക്കുന്നതാകുന്നു. അല്ലാഹു അക്കാര്യം വ്യക്തമാക്കിയതിങ്ങനെ:

“വേദനാജനകമായ ശിക്ഷയിൽനിന്ന് നിങ്ങളെ മോചിപ്പിക്കുന്ന ഒരു കച്ചവടത്തെക്കുറിച്ച് ഞാൻ നിങ്ങളെ അറിയിക്കട്ടെ. അല്ലാഹുവിലും അവന്റെ പ്രവാചകനിലും വിശ്വസിക്കുകയും നിങ്ങളുടെ ധനം കൊണ്ടും ദേഹം കൊണ്ടും ദൈവികമാർഗത്തിൽ ത്യാഗപരിശ്രമങ്ങൾ അർപ്പിക്കുകയും ചെയ്യലത്രെ അത്. എങ്കിൽ നിങ്ങളുടെ പാപങ്ങൾ അവൻ പൊറുത്തുതരും. താഴ്ഭാഗങ്ങളിലൂടെ ആറുകൾ ഒഴുകുന്ന സ്വർഗത്തിൽ പ്രവേശിപ്പിക്കുകയും ചെയ്യും. സ്വർഗത്തോട്ടങ്ങളിൽ നല്ല പാർപ്പിടവും നല്കുന്നതാണ്. കൂടാതെ നിങ്ങൾ ഇഷ്ടപ്പെടുന്ന സഹായവും ദൈവത്തിൽനിന്നുള്ള ആസന്ന വിജയവും.”

---

وَرَأَيْتَ النَّاسَ يَدْخُلُونَ فِي دِينِ اللَّهِ أَفْوَاجًا

വറഅ്യതന്നാസ യദ്ഖുലൂന ഫീ ദീനില്ലാഹി അഫ്വാജൻ
ജനം കൂട്ടം കൂട്ടമായി ദൈവികദീനിലേക്ക് പ്രവേശിക്കുകയും ചെയ്യുന്നതായി നീ കണ്ടാൽ

---

ഒന്നാം വചനത്തിന്റെ തുടർച്ചയെന്നോണമാണ് ഇക്കാര്യം എടുത്തുപറഞ്ഞത്. അതായത്, അല്ലാഹു പ്രവാചകന് നല്കിയ വിജയവാഗ്ദാനമാണ് അതിലെ സൂചന. ഈ വിജയം ഒരിക്കലും സായുധസംഘട്ടനത്തിന്റെ ഫലമായിരുന്നില്ല. മറ്റു വിധത്തിലുള്ള പ്രകോപനങ്ങളും ആളുകളുടെ മേൽ ഉണ്ടായിരുന്നില്ല. ഓറിയന്റലിസ്റ്റുകളും ഇസ്ലാം വിരുദ്ധരും ആരോപിക്കുന്നതുപോലെ ജനങ്ങളുടെ മേൽ ഒരുതരത്തിലുള്ള നിർബന്ധവും സ്വാധീനം ചെലുത്തിയിരുന്നില്ല. ഒന്നുകിൽ ആളുകൾ സ്വമേധയാ അതിലേക്ക് കടന്നുവന്നു. അല്ലെങ്കിൽ മുസ്ലിംകൾ കടന്നുചെന്ന നാടുകളിലെ ആളുകൾ അവർക്ക് അനുസരണ പ്രതിജ്ഞ

ചെയ്തു. അതുകൊണ്ടാണല്ലോ പിൽക്കാലത്ത് ഇസ്‌ലാമിക ഭരണകൂടം രൂപം കൊണ്ട നാടുകളിൽ കപ്പം നല്കിക്കൊണ്ട് തങ്ങളുടെ വിശ്വാസമനുസരിച്ച് ജീവിക്കുന്ന ഒരു വിഭാഗം (ദിമ്മികൾ) അന്ന് നിലവിൽ വന്നത്.

എന്നാൽ ദൈവിക വ്യവസ്ഥയിലേക്ക് കടന്നു വന്ന ആളുകളെ സംബന്ധിച്ചിടത്തോളം രണ്ട് കാര്യങ്ങളാണ് അവരുടെ മുമ്പിൽ ഉണ്ടായിരുന്നത്.

ഒന്ന്, അവർ നിലനിന്നിരുന്ന വ്യവസ്ഥിതിയുടെ ആദർശപരമായ പാപരത്തം അവർക്ക് ബോധ്യമാവുകയും അവർ സ്വമേധയാ അതൊഴിവാക്കുകയും ചെയ്തു.

രണ്ട്, ദൈവികവ്യവസ്ഥിതിയനുസരിച്ചുള്ള ജീവിതത്തിൻെറ സദ്ഫലങ്ങൾ അവർ മനസ്സിലാക്കുകയും തന്മൂലം അതിലേക്കവർ ആകൃഷ്ടരാവുകയും ചെയ്തു.

ഇത് ഏകദേശം ഹിജ്റ ഒമ്പതാം വർഷത്തോടെ തന്നെ തുടങ്ങിയിരുന്നു. അതിൻെറ ഭാഗമായിരുന്നു മക്കാവിജയം. പ്രവാചകൻ മുഹമ്മദ്നബി മക്കയിൽ മദീനയിലേക്ക് പലായനം ചെയ്ത് 10-ാം വർഷം അദ്ദേഹവും കൂടെയുണ്ടായിരുന്ന വിശ്വാസികളും മക്കയിലേക്ക് തന്നെ വിജയശ്രീലാളിതരായി പ്രവേശിച്ച സംഭവത്തെയാണ് മക്കാവിജയം കൊണ്ട് ഉദ്ദേശിക്കുന്നത്. ആ ഘട്ടത്തിലാണ് ദൈവികവ്യവസ്ഥയിലേക്ക് ജനങ്ങൾ സ്വമേധയാ കൂട്ടം കൂട്ടമായി പ്രവേശിച്ചുതുടങ്ങിയത്.

ദൗത്യവാഹകസംഘങ്ങളുടെ പ്രവാഹമായിരുന്നു അതോടെ മക്കയിൽ. അറേബ്യയുടെ ഇതര ഭാഗങ്ങളിലുണ്ടായിരുന്ന വിവിധ ഗോത്രങ്ങളും നഗരങ്ങളും ഒന്നൊന്നായി പ്രവാചകനെ സമീപിച്ച് തങ്ങളുടെ ഏകദൈവവിശ്വാസം പ്രഖ്യാപിക്കുകയുണ്ടായി. ആ വർഷത്തിന് ചരിത്രത്തിൽ ദൗത്യസംഘങ്ങളുടെ വർഷം എന്നാണ് അറിയപ്പെടുന്നത്.

അടുത്ത വർഷമായപ്പോഴേക്കും ദൈവിക ദീനിൻെറ പരിപൂർത്തീകരണം നടന്നു കഴിഞ്ഞിരുന്നു. ഹിജ്റ പത്താം വർഷം നബിയുടെ ഹജ്ജ് ചടങ്ങിനിടയിലാണ് അതിനെ സംബന്ധിച്ച അരുളപ്പാടുണ്ടായത്. അപ്പോഴേക്ക് അറേബ്യ മുഴുവൻ ദൈവികവ്യവസ്ഥിതിയുടെ കൊടിക്കൂറക്ക് കീഴിലായിക്കഴിഞ്ഞിരുന്നു.

പ്രവാചകജീവിതത്തിൻെറ ആദ്യഘട്ടത്തിൽ പ്രവാചകനെ മർധിക്കുകയും മക്ക വിട്ടുപോകാൻ നിർബന്ധിക്കുകയും ചെയ്ത ഖുറൈശികൾക്ക് അന്ന് അദ്ദേഹത്തെ അംഗീകരിക്കുകയല്ലാതെ മറ്റു നിർവാഹമൊന്നുമുണ്ടായിരുന്നില്ല.

പ്രവാചകനെ സംബന്ധിച്ചിടത്തോളം ഇത് വ്യക്തമായ സൂചന കൂടിയായിരുന്നു. ഏതൊരു ദൗത്യത്തിനാണോ അദ്ദേഹം നിയുക്തനായിട്ടുള്ളത്, അത് അറേബ്യയിൽ പൂർണമായിരിക്കുന്നു. അതോടെ അദ്ദേഹത്തിൻെറ പ്രവർത്തനം അവസാനിപ്പിക്കേണ്ട ഘട്ടം എത്തിയിരുന്നു. ആ ഘട്ടത്തിലേക്ക് ആവശ്യമായ മുന്നൊരുക്കങ്ങൾ സ്വയം സ്വീകരിക്കുവാനുള്ള നിർദ്ദേശങ്ങളാണ് അടുത്ത വാക്യങ്ങളിൽ നല്കിയിട്ടുള്ളത്.

---

فَسَبِّحْ بِحَمْدِ رَبِّكَ ഫസബ്ബിഹ് ബിഹംദി റബ്ബിക

നീ അല്ലാഹുവിനെ സ്തുതിച്ചുകൊണ്ട് പ്രകീർത്തിക്കുക.

ഏകദൈവത്തിനുള്ള സ്തുതിയാണ് ഹംദ് കൊണ്ട് ഉദ്ദേശിക്കുന്നത്. പ്രഥമ അധ്യായത്തിൽ അക്കാര്യം വ്യക്തമാക്കിയിട്ടുണ്ട്. അതായത്, ഈ വിജയവും സഹായവും വന്നെത്തുകയും ജനം ദൈവികവ്യവസ്ഥയിലേക്ക് വരികയും ചെയ്യുന്നത് കണ്ടാൽ നീ നിൻെറ നാഥനെ സ്തുതിക്കുക. കാരണം, ഈ വിജയവും സഹായവും താങ്കളുടെ സാമർഥ്യം കൊണ്ടോ ശക്തി കൊണ്ടോ ഉണ്ടായതല്ല. ഈ ജനം തങ്ങളുടെ പാരമ്പര്യം വെടിഞ്ഞ് ദൈവിക വ്യവസ്ഥയിലേക്ക് കടന്നുവന്നത് നിൻെറ ക്ഷണം കൊണ്ട് മാത്രമല്ല. പ്രത്യുത, അല്ലാഹുവിൻെറ അനുഗ്രഹവും സഹായവും മാത്രമാണത്. അതിനാൽ ആ ഘട്ടത്തിൽ താങ്കൾ താങ്കളുടെ നാഥനെ കൂടുതൽ സ്തുതിച്ചുകൊണ്ടിരിക്കുക. കാരണം, തൻെറ ഇംഗിതം പ്രപഞ്ചത്തിൽ നടപ്പാക്കുവാൻ അല്ലാഹു തനിച്ച് മതിയായവനാകുന്നു. തൻെറ സൃഷ്ടികളിൽ ആരുടെയും സഹായമോ സഹകരണമോ അവന് ആവശ്യമില്ലാത്ത വിധം ശക്തനും പരിശുദ്ധനുമാണവൻ.

ഇതത്രെ ഈ വചനത്തിൻെറ ആദ്യഭാഗം ഉൾക്കൊള്ളുന്ന ആശയം. അവസാനഭാഗത്ത് ദൈവത്തോട് പാപമോചനത്തിന് അർഥിണമെന്ന് ആവശ്യപ്പെടുന്നു.

---

وَاسْتَغْفِرْهُ إِنَّهُ كَانَ تَوَّابًا വസ്തഗ്ഫിർഹു ഇന്നഹു കാന തവ്വാബാ

അവനോട് പാപമോചനം അർഥിക്കുകയും ചെയ്യുക. അവൻ ഏറെ പാശ്ചാത്താപം സ്വീകരിക്കുന്നവനാകുന്നു.

---

നാം താങ്കളെ നിയോഗിച്ചിട്ടുള്ളത് നമ്മിൽനിന്നുള്ള ദൂതനായാണ്. ഭാരിച്ച ഉത്തരവാദിത്തമാണ് താങ്കളിൽ അർപ്പിച്ചിട്ടുള്ളത്. ആ കൃത്യങ്ങളുടെ നിർവഹണത്തിൽ താങ്കൾ ഒട്ടേറെ പ്രയാസങ്ങൾ അനുഭവിച്ചിട്ടുണ്ടാകാം. പലതും ത്യജിച്ചിരിക്കാം. അതിന്റെ ഫലങ്ങൾ പലതും താങ്കൾ കണ്ടതുമാണ്. ഈ ഉത്തരവാദിത്ത നിർവഹണത്തിൽ പല പോരായ്മകളും സംഭവിക്കുക സ്വാഭാവികമാണ്. അതിന്റെ പേരിൽ താങ്കൾ നാഥനോട് പാപമോചനത്തിന് അർഥിക്കുക.

ഏകദൈവവിശ്വാസികളെ അതിശ്രേഷ്ഠമായ ഒരു സംസ്കാരം പഠിപ്പിക്കുകയാണ് അല്ലാഹു ഇവിടെ ചെയ്യുന്നത്. ഏതൊരു കാര്യം സാധിക്കുന്നതും തന്റെ കരുത്തും സാമർഥ്യവും കൊണ്ടാണെന്ന് ഒരിക്കലും ഒരാൾ വിചാരിക്കരുത്. ഇത് സാധിച്ചതത്രയും തന്റെ നാഥന്റെ അകമഴിഞ്ഞ സഹായത്താലാണ് എന്ന് വിചാരിക്കുവാനേ ഒരു വിശ്വാസിക്ക് അവകാശമുള്ളൂ. അതിനാൽ തന്നെ ആ കൃത്യത്തിൽ അവൻ വിജയിച്ചാൽ അവൻ തന്റെ നാഥനെ സ്തുതിക്കട്ടെ. അതിൽ വന്ന പാകപ്പിഴവുകൾക്ക് മാപ്പിനപേ ക്ഷിക്കട്ടെ.

അതിനാൽ തന്നെയണ് ഒരിക്കൽ ആട്ടിയോടിക്കപ്പെട്ട മക്കയിലേക്ക് ഒരു രാജാവിന്റെ ഗാംഭീര്യത്തോടെ പ്രവാചകൻ കടന്നുവന്നിട്ടും ഒരുതരത്തിലുള്ള ആഘോഷമോ സന്തോഷപ്രകടനമോ അവിടെ ഉണ്ടാകാതിരുന്നത്.

അത്തരം ഹാവഭാവങ്ങളിൽ ഏർപ്പെടാൻ വിശ്വാസിക്ക് അവകാശമില്ല. തനിക്ക് അല്ലാഹുവിനോടുള്ള ബാധ്യത താൻ പരിപൂർണമായും കുറ്റമറ്റരീതിയിൽ നിർവഹിച്ചിരിക്കുന്നുവെന്ന് ഒരാൾക്കും കരുതുവാൻ അവകാശമില്ല. അതിന്റെ പേരിൽ മതിമറന്ന് സന്തോഷിക്കുവാനും പാടില്ല. പകരം, സംഭവിച്ച നല്ലതിന്റെ പേരിൽ അല്ലാഹുവിനെ സ്തുതിക്കുക. അപ്പോഴും പാകപ്പിഴവുകളെ ഓർത്ത് അല്ലാഹുവിനോട് പാപമോചനത്തിന് അർഥിക്കുകയും ചെയ്യുക.